ഡോ. ശശിതരൂർ. എം.പി
തിരുവനന്തപുരം പാർലമെന്റ് അംഗം

വിഷയം:- തിരുവനന്തപുരം വേളി റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫാറം നിർമ്മിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-
(1) 04.01.2013-ൽ അസോസിയേഷൻ തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർക്ക് നൽകിയ അപേക്ഷ.
(2) 05.12.2013-ൽ അസോസിയേഷൻ നൽകിയ നിവേദനം.
(3) ഡിവിഷണൽ റെയിൽവേ മാനേജരുടെ 28.02.2014-ലെ V/W 101/ST നമ്പർ കത്ത്.
(4) 07.05.2014-ൽ അസോസിയേഷൻ നൽകിയ മറുപടി കത്ത്.

സർ,

പരാമർശം (2) പ്രകാരം അസോസിയേഷൻ താങ്കൾക്ക് നൽകിയ നിവേദനത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താങ്കൾ നടത്തിയ ഇടപെടലിലൂടെ വേളി റെയിൽവേ സ്റ്റേഷനിൽ, തിരുവനന്തപുരത്തുനിന്നും കൊല്ലം ഭാഗത്തേക്കു പോകുന്ന വശത്ത് പ്ലാറ്റ്ഫാറം നിർമ്മിക്കുകയുണ്ടായി. ഇക്കാര്യത്തിൽ താങ്കൾ നടത്തിയ ഇടപെടലിനും അതിന്റെ ഫലപ്രാപ്തിക്കും ഈ നാട്ടുകാർ എന്നും താങ്കളോട് നന്ദിയും കടപ്പാടും ഉള്ളവരായിരിക്കും.

വേളി റെയിൽവേ സ്റ്റേഷനിൽ നിന്നും യാത്ര ചെയ്യുന്നവുടെ ദുരിതങ്ങൾ അവസാനിക്കുന്നതിന് കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്കു പോകുന്ന ഭാഗത്തും (റെയിൽവേ സ്റ്റേഷന്റെ കിഴക്കു ഭാഗത്ത്) പ്ലാറ്റ്ഫാറം നിർമ്മിക്കേണ്ടതുണ്ട്. വേളി സ്റ്റേഷനിലെ യാത്രക്കാരിൽ അധികം പേരും കയറുകയും ഇറങ്ങുകയും ചെയ്യുന്നത് തിരുവനന്തപുരം ഭാഗത്തേക്കുള്ളവരാണ്. അതിനാൽ സ്റ്റേഷന്റെ കിഴക്കു ഭാഗത്തും പ്ലാറ്റ്ഫാറം നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പ്ലാറ്റ്ഫാറം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം റെയിൽവേ ലൈനിന്റെ ഇരുവശത്തും നിലവിലു ്. പ്രസ്തുത റെയിൽവേ ഭൂമി റെയിൽവേയുടെ വികസനത്തിനായി ഉപയോഗിക്കുന്നതിന് റെയിൽവേയ്ക്ക് പൂർണ്ണ അധികാരമു ്. ഉപയോഗിക്കാതെ വെറുതേ കിടന്നതുകൊണ്ടാണ് ആളുകൾ അത് വഴിയായി ഉപയോഗിക്കുന്നത്. പ്ലാറ്റ്ഫാറം കെട്ടിക്കഴിഞ്ഞാലും അതുവഴി ആളുകൾക്ക് നടന്നുപോകാനുള്ള സ്ഥലം ഉണ്ടാകും. ഒന്നോ രണ്ടോ ആളുകളുടെ എതിർപ്പിനേക്കാളും നാട്ടിന്റേയും നാട്ടുകാരുടേയും സൗകര്യവും വികസനവുമാണല്ലോ പ്രധാനം.

ആയതിനാൽ, വേളി റെയിൽവേ സ്റ്റേഷന്റെ കിഴക്കു ഭാഗത്തു കൂടി പ്ലാറ്റ്ഫാറം നിർമ്മിച്ച് നാട്ടുകാരുടെ ദുരിതവും അപകടങ്ങളും ഒഴിവാക്കുന്നതിന് ഒരിക്കൽകൂടി താങ്കളുടെ ഇടപെടലും അനുകൂലമായ തീരുമാനവും ഉണ്ടാകണമെന്ന് നാട്ടുകാർക്കുവേണ്ടി വിനീതമായി അഭ്യർത്ഥിക്കുന്നു.

പൗണ്ട്കടവ്
13.10.2014

സെക്രട്ടറി
കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ